LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കാൻ കഴിയാത്ത ടൂറിസം പദ്ധതികൾ

257 (3693) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എപ്പോഴെല്ലാം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) വനം വകുപ്പിന്റെ അനുമതിക്കുള്ള കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പും ടൂറിസം വകുപ്പും ചേർന്ന് ഒരു സ്ഥിരം ലെയ്സൺ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിലൊരിക്കൽ യോഗം ചേർന്ന് കാലതാമസം ഒഴിവാക്കുന്ന തരത്തിൽ നടപടി സ്വീകരിക്കുമോ ; ഇതിനായി ടൂറിസം വകുപ്പ് മുൻകൈ എടുക്കുമോ ; ഇക്കാര്യത്തിലുള്ള സർക്കാർ നയം വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം താഴെപ്പറയുന്ന പദ്ധതികൾ തടസ്സപ്പെട്ടിട്ടുണ്ട്:

1. Proposal for Construction of Windrow compost plant at Vythiri
2. Kuyilimala view point tourism project
3. Ecoo Tourism Project in Kambamala Wayanad.

(ബി) പരിശോധിക്കുന്നതാണ്.

കേരള ടൂറിസത്തിന് അംഗീകാരം

258 (3694) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിരടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോളനേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് അംഗീകാരം ലഭിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അംഗീകാരം ലഭിക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) സുസ്ഥിര ടൂറിസം വികസനത്തിനുള്ള നൂതന സംരംഭമായി റെസ്പോൺസിബിൾ ടൂറിസം എന്ന പദ്ധതി ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ കുമരകത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയതിന് വേൾഡ് ടൂറിസം ഓർഗനൈസേഷൻ (UNWTO) -ന്റെ 2013-ലെ യുളീസിസ് (Ulysses) അവാർഡ് ലഭിച്ചിട്ടുണ്ട്.

(സി) UNWTO-ക്ക് അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി സെക്രട്ടറി ജനറലിന് കുമരകം മോണോഗ്രാഫ് തയ്യാറാക്കി നൽകുകയും അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടുതവണ കുമരകം സന്ദർശിക്കുകയുണ്ടായി.

വിനോദസഞ്ചാര വികസനത്തിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം

259 (3695) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായമാണ് 2014-15 വർഷം ലഭിച്ചത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത ധനസഹായം പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഇക എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചത് ; വിശദാംശം നൽകാമോ ;

(ഡി) കേന്ദ്ര ഫണ്ട് പൂർണ്ണമായി ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly